# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3831

25.06.2013ൽ
മറുപടിക്ക്.

### എമർജിംഗ് കേരള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) എമർജിംഗ് കേരള സംഗമത്തിൽ വന്ന വിഷയങ്ങളിൽ പ്രാരംഭ ചർച്ചകൾ നടത്തി പദ്ധതി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് ഓരോന്നിനും അന്ന് പ്രഖ്യാപിച്ചിരുന്ന സമയപരിധി എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | എ) 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ അവതരിപ്പിച്ച പദ്ധതി നിർദ്ദേശങ്ങളിൽ കാലതാമസം കൂടാതെ അനുമതികൾ നൽകുന്നതാണെന്ന് ഉറപ്പു നൽകിയിരുന്നു. |
| ബി) മുംബൈ, ന്യൂഡൽഹി എന്നിവിടങ്ങളിൽ നടത്തിയ റോഡ് ഷോയുടെ ഫലമായി സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി എന്ന് വിശദമാക്കാമോ? | ബി) മുംബൈ, ന്യൂഡൽഹി, ബാംഗ്ലൂർ, ചെന്നൈ എന്നീ നഗരങ്ങളിൽ എമെർജിങ്ങ് കേരളയോട് അനുബന്ധിച്ച് റോഡ് ഷോകൾ നടത്തുകയുണ്ടായി. കേരളത്തിലെ നിക്ഷേപക സാഹചര്യങ്ങൾ അവിടെയുള്ള വ്യവസായ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുകയും അതു വഴി എമെർജിങ്ങ് കേരളയിൽ അവിടെ നിന്നുമുള്ള പ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും സാധിച്ചു. |

സെക്ഷൻ ഓഫീസർ